**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനം ആദ്യം ബാധിക്കുന്നത് തീരദേശ മത്സ്യത്തൊഴിലാളികളെയായതിനാൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി നിരവധി ക്രമീകരണങ്ങളാണ് നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരെഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി വരുന്നു. ISRO യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) സബ്സിഡിയോടെ നൽകി വരുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു . അതിവേഗം രക്ഷാപ്രവർത്തനവും, പ്രാഥമിക ചികിത്സയും ലഭ്യമാക്കത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാ ളികളുടെ മൊബൈൽഫോണിൽ എത്തിച്ച കൊടുക്കാൻ ഇൻകോയ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിയ്ക്കു ന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി കഴിഞ്ഞു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17059 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. കൂടാതെ ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ് കളും, 132 ലൈഫ് ബോയെകളും, 66 എക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2020 -21 പദ്ധതിയിൽ ഉൾപ്പെടുത്തി 1101 GPS ഉം 64 DAT ഉം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ ദിവസവും മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരെയും തിരികെ വരുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ഓരോരുത്തർക്കും കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കടലിൽ അപകടത്തിൽപെടുന്നവരുടെ രക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; | (സി) | കടൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാ ബോട്ടുകളും, കടൽ രക്ഷാ സ്ക്വാഡുകളും |

| | | | |
|---|---|---|---|
| | കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | | ഏർപ്പെടുത്തിയിട്ടുണ്ട് . തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്നവരെ വേഗത്തിൽ രക്ഷിച്ച് പ്രഥമ ശുശ്രൂഷ നൽകി കരയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് മറൈൻ ആംബുലൻസുകൾ സഹായിക്കുന്നുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും തെരെഞ്ഞെടുത്ത 900 യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകി വരുന്നു. ഇതിനകം 612 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ